**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 785** **29/10/2019 ൽ മറുപടിക്ക്**

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഡിറ്റ്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ സംസ്ഥാന ആഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | നിലവിലുള്ള നിയമപ്രകാരം 2016-17, 2017-18 എന്നീ വർഷങ്ങളിലെ വാർഷിക കണക്കുകൾ ആഡിറ്റിന് നൽകേണ്ട സമയപരിധി എന്നായിരുന്നു എന്ന് അറിയിക്കുമോ; | (ബി) | ദേവസ്വം ഫണ്ട് അക്കൗണ്ട് റൂൾസ് ഓൺ ഡബിൾ എൻട്രി സിസ്റ്റം ഓഫ് അക്കൗണ്ടിംഗ് 2012 പ്രകാരം 2016-17 ലെ വാർഷിക കണക്കുകൾ 30.09.2017 ന് മുമ്പായും 2017-18 ലെ വാർഷിക കണക്കുകൾ 30.09.2018 ന് മുമ്പായും തയ്യാറാക്കേണ്ടതായിരുന്നു. |
| (സി) | ദേവസ്വം ബോർഡ് കണക്ക് സൂക്ഷിക്കുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് കണക്കുകൾ സൂക്ഷിച്ചുവന്നത്. എന്നാൽ 2011-12 മുതലുള്ള കണക്കുകൾ ഡബിൾ എൻട്രി സമ്പ്രദായത്തിൽ തയ്യാറാക്കുന്നതിന് 16.02.2011 ലെ ഉത്തരവിൽ നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം ഡബിൾ എൻട്രി സമ്പ്രദായത്തിൽ 2015-16 വരെയുള്ള കണക്കുകൾ ആഡിറ്റിനു സമർപ്പിച്ചിട്ടുള്ളതും 2016-17 ലെ കണക്കുകളുടെ റിക്കൺസിലിയേഷൻ പൂർത്തിയാക്കി ചാർട്ടേർഡ് |
| (ഡി) | ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | അക്കൗണ്ടന്റിന് കൈമാറിയിട്ടുള്ളതുമാണ് എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. ഡബിൾ എൻട്രി സമ്പ്രദായത്തിൽ കണക്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിനാൽ ബഹു ഹൈക്കോടതി സമയപരിധി നിശ്ചയിച്ച് 23.07.2019 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ